# വചനസുമം






വാല്യം 12 • ജനുവരി 2014 • ലക്കം 1

# പ്രസംഗം തയ്യാറാക്കിയവർ

ജനുവരി 1 : **പുതുവത്സരം**
**(യേശുവിന്റെ നാമകരണം)**
ബ്രദർ ഫ്രാൻസിസ് വർഗ്ഗീസ് ഒ. ഐ. സി.

ജനുവരി 5 : **യൽദായ്ക്കു ശേഷം ഒന്നാം ഞായർ**
ബ്രദർ ആബേൽ മാത്യു ഒ. ഐ. സി.

ജനുവരി 6 : **ദനഹാതിരുനാൾ**
**(നമ്മുടെ കർത്താവിന്റെ മാമോദീസാ)**
ബ്രദർ എബിൻ പണിക്കർ ഒ. ഐ. സി.

ജനുവരി 12 : **ദനഹായ്ക്കു ശേഷം ഒന്നാം ഞായർ**
ബ്രദർ വിജോയി വർഗീസ് ഒ. ഐ. സി.

ജനുവരി 19 : **ദനഹായ്ക്കു ശേഷം രണ്ടാം ഞായർ**
ബ്രദർ തോമസ് ഫ്രാൻസിസ് ഒ. ഐ. സി.

ജനുവരി 26 : **ദനഹായ്ക്കു ശേഷം മൂന്നാം ഞായർ**
ബ്രദർ പ്രിൻസ് അലക്സ് ഒ. ഐ. സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**
E-mail:bethanyktm@gmail.com
(For Private Circulation)

# 2014 ജനുവരി 1

# പുതുവത്സരം (നമ്മുടെ കർത്താവിന്റെ നാമകരണം)

ലൂക്കാ. 2:21-24; എഫേ. 4:17-24

ബ്രദർ ഫ്രാൻസിസ് വർഗ്ഗീസ് ഒ. ഐ. സി.

**ആമുഖം**

യൽദാകാലത്തിലൂടെ കടന്നു പോകുമ്പോൾ, യേശുവിന്റെ ജനന സമയത്തുണ്ടായ പ്രധാന സംഭവങ്ങളുടെ വിവരണമാണല്ലോ ഓരോ ദിവസത്തിന്റേയും വചനഭാഗം. പുതുവർഷ പുലരിയുടെ പുത്തൻ ജീവിതത്തിലേക്കു ചുവടുവയ്ക്കുന്ന ഈ ദിവസം യേശുവിന്റെ നാമകരണ ദിനം എന്ന പ്രത്യേകത കൂടിയുണ്ട്.

**പശ്ചാത്തലം**

ദാവീദിന്റെ വംശത്തിലും കുടുംബത്തിലും പെട്ട ജോസഫ് (ലൂക്കാ. 1:24-25), പിതാവായ ദാവീദിന്റെ സിംഹാസനം (ലൂക്കാ. 1:32) യാക്കോബിന്റെ ഭവനം (ലൂക്കാ. 1:33), തുടങ്ങിയ വേദവാക്യങ്ങൾ യേശുവിന് യഥാർത്ഥ ഇസ്രായേൽക്കാരനെന്ന തലക്കെട്ടു നൽകുന്നതോടൊപ്പം, യേശുവിന്റെ ദേവാലയസമർപ്പണത്തിനും ശുദ്ധീകരണത്തിനും പശ്ചാത്തലം ഒരുക്കുന്നു. ഇതിനു സഹായകമെന്നോണം, ദൈവത്തിനു സമർപ്പിക്കപ്പെടുന്ന, ഹന്നാ യൽക്കാനാ ദമ്പതികളുടെ മകനായ സാമുവേലിന്റെ ദേവാലയസമർപ്പണവും (1 സാമു. 1:2), പഞ്ചഗ്രന്ഥിയിൽ പ്രതിപാദിക്കുന്ന രണ്ടു യഹൂദാചാരങ്ങളും (പുറ. 13:1-11), ലേവ്യ. 12:1-6), ശിശുവിന്റെ ദേവാലയ സമർപ്പണത്തിനും, മാതാവിന്റെ ശുദ്ധീകരണത്തിനും പശ്ചാത്തലമായി നമുക്കു കാണാം.

**പ്രമേയം**

ശിശുവായ യേശുവിന്റെ നാമകരണവും ദേവാലയ സമർപ്പണ വും, അതോടൊപ്പം മാതാവിന്റെ ശുദ്ധീകരണവുമാണ് ഇന്നത്തെ സുവിശേഷ ഭാഗത്തിന്റെ പ്രമേയം.

## സന്ദേശം

### 1. ദൈവഹിതത്തോടുള്ള പൂർണ്ണമായി വിധേയത്വം

"മോശയുടെ നിയമമനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസം പൂർത്തിയായപ്പോൾ....." (2:22)

ലേവ്യ. 12:6-8 പ്രതിപാദിക്കുന്ന പ്രകാരം ശിശുവിന്റെ ജനനത്തിനു ശേഷം മാതാവു നാൽപ്പതുദിവസം വരെ അശുദ്ധയായിരിക്കും. നാൽപ്പതാം ദിവസം ശുദ്ധീകരണത്തിനായി ദേവാലയത്തിലേക്കു കടന്നുവന്നു പാപ പരിഹാരബലിയർപ്പിക്കണം. പ. മറിയം യേശുവിന്റെ ജനനത്തിനുശേഷം, നാൽപതാം ദിവസം തന്റെ ശുദ്ധീകരണത്തിനായി ദേവാലയത്തിലേക്കു കടന്നു വന്നു പാപപരിഹാരബലിയർപ്പിക്കുന്നു. ദൈവപുത്രനു ജന്മം നൽകിയ പരി. അമ്മയ്ക്ക് ശുദ്ധീകരണം അനിവാര്യമല്ലായിരുന്നു. ദൂതന്റെ സന്ദേശത്തിലൂടെ ദൈവകൃപ (1:28) അവളിൽ വസിച്ചിരുന്നു. എന്നിരുന്നാൽതന്നെയും, ഒരു സാധാരണ യഹൂദസ്ത്രീയുടെ കടമ പരി. മറിയം നിർവ്വഹിക്കുന്നതായിട്ടാണ് നാം സുവിശേഷത്തിൽ വായിക്കുന്നത്. എന്താണ് പ. അമ്മയെ ഈ കർമ്മങ്ങൾക്കു പ്രേരിപ്പിച്ചത്?

പ്രധാനമായും ദൈവഹിതത്തോടുള്ള പൂർണ്ണവിധേയത്വമാണ് പ. മറിയത്തിന്റെ ജീവിതത്തിന്റെ അടിസ്ഥാനം. ദൈവിക കൽപ്പനകളോടുള്ള പൂർണ്ണായ അനുസരണവും വിധേയത്വവും ജീവിതത്തിന്റെ അടിസ്ഥാന പ്രമാണമാക്കി മറിയം ജീവിച്ചു. അതാണ് വചനം പറയുന്നത്, "ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്ന്. ശിശുവിന്റെ ദേവാലയ സമർപ്പണവും, മാതാവിന്റെ ശുദ്ധീകരണവും കാണിക്കുന്നത് അനുസരണം എന്ന പുണ്യത്തിന്റെ വലിയ മഹനീയമായ മാതൃകയാണ്. നമുക്കും ദൈവികമായ കൽപ്പനകളെ അനുസരിക്കുവാൻ തയ്യാറാകാം. നമ്മുടെ ബലഹീനതയിൽ കൈനീട്ടി തരുന്നവനാണ് ദൈവം. ക്രൈസ്തവോചിതമായ പുണ്യങ്ങളെ സ്വീകരിക്കുവാൻ നമുക്കു നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കാം. അങ്ങനെ പുണ്യം പൂത്തുലയുന്ന പുതുവത്സരത്തിലേക്കു നമുക്കു നടന്നടുക്കാം.

**2. ജീവിതം ദൈവത്തിനു സമർപ്പിക്കുക**

ദേവാലയത്തിലെ യേശുവിന്റെ സമർപ്പണം യഹൂദാചാരപ്രകാരമുള്ളതായിരുന്നു. എന്നാൽ രക്ഷകനായി അവതരിച്ച യേശുവിന്റെ ജീവിതം പൂർണ്ണമായി പിതാവായ ദൈവത്തിന്റെ തിരുമനസ്സിനു സമർപ്പിക്കപ്പെട്ടിരുന്നു. പുതുവത്സരത്തിലേക്കു പ്രവേശിക്കുന്ന നമ്മുടെ ജീവിതത്തിലും ദൈവസമർപ്പണത്തിന്റെ ആവശ്യകത ഇന്നത്തെ സുവിശേഷഭാഗം വരച്ചുകാട്ടുന്നു.

**ഉപസംഹാരം**

നന്മനിറഞ്ഞ ഈ പുതുവത്സരം നമുക്കു പുത്തൻ അനുഭവങ്ങൾ നൽകുന്ന, ജീവിതനവീകരണത്തിലേക്കു നയിക്കുന്ന, ദൈവസമർപ്പണത്തിന്റെ പാതയിലൂടെ സഞ്ചരിക്കുന്ന ഒരു വർഷമായി മാറട്ടെ. വി. പൗലോസ് ശ്ലീഹാ എഫേസോസുകാർക്കെഴുതിയ ലേഖനം 4-ാം അദ്ധ്യായം 21-ാം തിരുവചനത്തിൽ പറയുന്നതുപോലെ, ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടുകൂടി ദൂരെയെറിഞ്ഞു കൊണ്ട് മനസ്സിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവാൻ ഈ പുതുവത്സരം നമ്മെ സഹായിക്കട്ടെ.

# 2014 ജനുവരി 5

## യൽദായ്ക്കുശേഷം രണ്ടാം ഞായർ

ലൂക്കാ. 3:7–14; പുറ. 2:1–10; ന്യായ. 13:8–14; ഏശ. 12:1–6; 1 യോഹ. 3:19–24; ഹെബ്രാ. 11:23–31; യോഹ. 1:29–34

**ബ്രദർ ആബേൽ ഒ. ഐ. സി.**

**പശ്ചാത്തലം**

എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചവും ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടുമായ വചനമായ ദൈവം ലോകത്തിലേക്കു കടന്നുവന്നു. എന്നാൽ പ്രകാശത്തെക്കാൾ അന്ധകാരത്തെ സ്നേഹിച്ച ലോകത്തിന് അവനെ തിരിച്ചറിയാനാകുമായിരുന്നില്ല. വചനം മാംസം ധരിച്ച തന്റെ പുത്രനെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കാൻ, തന്റെ പുത്രനെ സ്വീകരിക്കാൻ ലോകത്തെ ഒരുക്കുവാൻ ദൈവം നിയോഗിച്ച വ്യക്തിയായിരുന്നു സ്നാപക യോഹന്നാൻ. യേശുവിനെ ലോകത്തിനു പരിചയപ്പെടുത്തിക്കൊടുക്കുക എന്ന തന്റെ ദൗത്യം യോഹന്നാൻ എങ്ങനെ നിർവഹിക്കുന്നു എന്നതാണ് ഇന്നത്തെ വേദഭാഗത്തിന്റെ പശ്ചാത്തലം.

**പ്രമേയം**

യോഹന്നാൻ യേശുവിനെ സാക്ഷ്യപ്പെടുത്തുന്നതാണ് ഇന്നത്തെ പ്രമേയം. യേശു ആരാണെന്ന ചോദ്യത്തിനു വ്യക്തമായ ഉത്തരമാണിത്. ''ഞാൻ അതു കാണുകയും ഇവൻ ദൈവപുത്രനാണ് എന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (യോഹ. 1:34), "അവൻ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ്" (യോഹ. 1:29).

**സന്ദേശം**

1. തന്റെ പിന്നാലെ വരുന്നവൻ വലിയവനാണെന്നതാണു യോഹന്നാന്റെ സാക്ഷ്യം (1:27–30). യോഹന്നാന്റെ സാക്ഷ്യം തീർത്തും വ്യത്യസ്തമാണ്. തന്റെ പിന്നിലുള്ളവൻ തന്നേക്കാൾ വലിയവനാണെന്ന ചിന്തയാണു യോഹന്നാന്റെ വ്യക്തിത്വത്തെ മറ്റുള്ളവരിൽ നിന്നു

വ്യത്യസ്തനാക്കുന്നത്. നീ ഏറ്റവും വലിയവനാണെന്ന് എന്നതിലല്ല, നിന്നേക്കാളും വലിയവനിലേക്കു നിന്റെ ജീവിതം വഴികാട്ടിയാകുമ്പോ ഴാണു ജീവിതം അർത്ഥപൂർണ്ണമാകുന്നത്. നിന്നിലൂടെ അപരന്റെ ജീവിത ത്തിനു വലിപ്പമുണ്ടാകുമ്പോൾ നീ നിന്റെ തന്നെ ജീവിതത്തിനു നിറം പകരുകയാണ്. അവന്റെ വളർച്ചക്കു നീ കാരണമാകുമ്പോഴാണു നിന്റെ ജീവിതം വിശുദ്ധമാകുന്നത്. ഇതുതന്നെയാണു യോഹന്നാന്റെ ജീവിതവും വെളിവാക്കുന്നത്. യോഹന്നാന്റെ സുവിശേഷം 1-ാം അദ്ധ്യായം 6-ഉം 7-ഉം വാക്യങ്ങൾ ഇതു കൂടുതൽ വെളിവാക്കുന്നു. “ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേര് യോഹന്നാൻ എന്നാണ്, അവൻ സാക്ഷ്യത്തിനായി വന്നു, വെളിച്ചത്തിനു സാക്ഷ്യം നൽകാൻ.”

2. യോഹന്നാൻ നൽകിയ സ്നാനത്തിലൂടെയാണു യേശു വെളിപ്പെടുന്നത് (1:3-34). എന്നാൽ 1-ാം അദ്ധ്യായം 30-ാം വാക്യത്തിൽ നമുക്കു കാണുവാൻ സാധിക്കുന്നത് ഇപ്രകാരമാണ്. ‘‘എനിക്കു മുമ്പുതന്നെ ഇവനുണ്ടായിരുന്നു. ഞാനും ഇവനെ അറിഞ്ഞിരുന്നില്ല” എന്ന്. നമ്മൾ അനുദിനം സംവദിക്കുന്നവരിൽ ഒളിഞ്ഞിരിക്കുന്ന നന്മ കൾ അനേകമാണ്. എന്നാൽ നമ്മൾ അറിഞ്ഞോ അറിയാതെയോ അപര നിൽ നിറഞ്ഞു നിൽക്കുന്ന നന്മകൾ കാണാതെ പോകുന്നു. നമ്മുടെ ജീവിതവും പ്രവൃത്തികളും വഴി കൂടെയുള്ളവരുടെ നന്മകൾ വെളിച്ചത്തു വരണം. അപ്പോഴാണു നമ്മുടെ ജീവിതത്തിൽ ദൈവികത വളരുന്നത്.

3. “നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മദ്ധ്യേ നിൽപ്പുണ്ട്” എന്നാണ് യോഹന്നാന്റെ സാക്ഷ്യം (1:26). ആരാലും അറിയപ്പെടാ ത്തവനെ കാട്ടിക്കൊടുക്കലാണ് യോഹന്നാൻ തന്റെ ജീവിതത്തിലൂടെ നടത്തുന്നത്. നീ പലതും അറിയുന്നില്ല എന്നതാണ് ജീവിതയാഥാർത്ഥ്യം. യഥാർത്ഥ സത്യങ്ങൾ പലതും അറിയാതെ പോകുന്നു എന്ന താണു സത്യം. നിന്റെ കടമകൾ ചെയ്യുക എന്നതാണ് ഉചിതം. വിശ്വസ്ത തയോടെ നിന്റെ കടമകൾ പൂർത്തീകരിക്കുന്ന വേളകളിൽ ദൈവിക സത്യങ്ങൾ പലതും നിനക്കു വെളിപ്പെട്ടു കിട്ടും.



# 2014 ജനുവരി 6
# ദനഹാതിരുന്നാൾ
# (നമ്മുടെ കർത്താവിന്റെ മാമോദീസാ)

മർക്കോ. 1:1-8; ഉൽപ. 24:10-27; എസെ. 47:1-12; ഏശ. 12:1-6; അപ്പ.പ്രവ.19:1-10; ഹെബ്രാ. 10:19-25; മത്താ. 3:13-17

**ബ്രദർ എബിൻ പണിക്കർ ഒ. ഐ. സി.**

ക്രിസ്തുമതത്തെ മറ്റു മതങ്ങളിൽ നിന്നു വ്യത്യസ്തമാക്കുന്നതു രണ്ടു കാര്യങ്ങളാണ്. അതു ദൈവം മനുഷ്യനായ് അവതരിച്ചു, മനുഷ്യനെപ്പോലെ ജീവിച്ചു എന്നതല്ല; കാരണം മറ്റു പല മതങ്ങളിലും നമുക്കിതു കാണാൻ കഴിയും. പക്ഷെ, ക്രിസ്തു മാത്രമാണു പാപമില്ലാത്തവനായിരിക്കെ പാപമോചനത്തിനുള്ള മാമോദീസാ സ്വീകരിക്കുകയും അമർത്യനായിരിക്കെ ലോകത്തിന്റെ പാപപരിഹാരാർത്ഥം സ്വയം മരണമേൽക്കുകയും ചെയ്തത്. ദൈവത്തിന്റെ ഔന്നത്യം എളിയവരിൽ എളിയവനാകുന്നതിലാണെന്നു ക്രിസ്തുവിന്റെ മാമോദീസാ നമ്മെ ഓർമ്മപ്പെടുത്തുന്നു.

**ചരിത്രപശ്ചാത്തലം**

ക്രിസ്തീയ ലോകം ജനുവരി 6-നു പല സവിശേഷതകൾ കൽപിക്കുന്നുണ്ട്. ചില സഭകൾ ജനുവരി 6 ക്രിസ്തുമസ് ദിനമായി ആചരിക്കുമ്പോൾ മറ്റു സഭകൾ (മലങ്കര കത്തോലിക്കാ സഭ ഇതിൽ ഉൾപ്പെടും) ഇതു ദനഹാ തിരുന്നാൾ-കർത്താവിന്റെ മാമോദീസാ-ആയി ആചരിക്കുന്നു. ഇനിയും ചില സഭകൾ (ഉദാ: ലത്തീൻ സഭ) ജനുവരി 6 ജ്ഞാനികളുടെ സന്ദർശനമായിട്ടാണ് ആചരിക്കുന്നത്. പൗരസ്ത്യ ദേശത്തു നിന്നെത്തിയ രാജാക്കൻമാർ ഉണ്ണി യേശുവിനു കാഴ്ചകൾ സമർപ്പിച്ച് ആരാധിക്കുന്നതു യേശുവിന്റെ ദൈവികമായ രാജത്വത്തെയാണു സൂചിപ്പിക്കുന്നത്. അന്ത്യോക്യൻ സഭാ പാരമ്പര്യമനുസരിച്ചു ജനുവരി 6 യേശുവിന്റെ മാമ്മോദീസ (ദനഹാ) ആയി ആചരിക്കുന്നു. 'ദനഹാ'

എന്ന വാക്കിന്റെ അർത്ഥം ഉദയം എന്നാണ്: യേശുവിന്റെ ദൈവത്വം ലോകത്തിനു മുമ്പിൽ ഉദിച്ചപ്പോൾ പിതാവായ ദൈവം അത് അംഗീകരിച്ച ദിവസം.

**പശ്ചാത്തലം**

പ്രവചനങ്ങളുടെ പൂർത്തീകരണമായ രക്ഷകൻ യേശുവാണെന്നു യഹൂദക്രിസ്ത്യാനികളെ ബോധ്യപ്പെടുത്താനാണു മത്തായി ശ്ലീഹാ യേശുവിന്റെ ജ്ഞാനസ്നാനം ചിത്രീകരിക്കുന്നത്. 30 വർഷത്തെ ഒരുക്കത്തിനു (Formation) ശേഷം തന്റെ പരസ്യജീവിതം തുടങ്ങുന്നതിന്റെ മുന്നോടിയായാണു യേശു യോഹന്നാനിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിക്കുന്നത്.

**പ്രമേയം**

തന്റെ അടുക്കൽ സ്നാനം സ്വീകരിക്കാൻ വരുന്ന യേശുവിനെ കണ്ടു യോഹന്നാൻ അത്ഭുതപ്പെടുകയാണ് (3:14). ദൈവതിരുകുമാരൻ നീതിയുടെ പുർത്തീകരണത്തിനു സ്വയം ഏൽപ്പിക്കുന്നു. നസ്രത്തിലെ പരിശീലനം പൂവണിയുന്നു. ദൈവം തന്റെ പ്രിയപുത്രന്റെ ദൈവത്വത്തെ സ്ഥിരീകരിക്കുന്ന മഹനീയ നിമിഷത്തിൽ ഈ രംഗം അവസാനിക്കുന്നു.

**സന്ദേശം**

**1. അതിർവരമ്പുകൾ തകർത്ത യേശു:**

ജ്ഞാനസ്നാനം സ്വീകരിച്ചതിലൂടെ യേശു സ്വയം പാപികളോടു അനുരൂപപ്പെടുകയാണു ചെയ്തത്. ലോകത്തിന്റെ പാപങ്ങൾ നീക്കാൻ മനുഷ്യനായ ദൈവം ആരെ രക്ഷിക്കാൻ വന്നുവോ അവ രുടെ നിലയിലേക്ക് എളിമപ്പെട്ടു. മനുഷ്യരുടെയിടയിൽ വലുപ്പചെറുപ്പ ങ്ങളുടെ വേലിക്കെട്ടുകൾ അവൻ തകർത്തു. അന്യായമായ സാമൂഹിക വ്യവസ്ഥകൾ ചോദ്യം ചെയ്തു. എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ കടലിലെ ഉപ്പു വെള്ളത്തെ ശുദ്ധീകരിക്കുന്ന ഒരു നദിയെക്കുറിച്ചു പറയുന്നുണ്ട് (47:12). ഈ നദി ഉത്ഭവിക്കുന്നതു ദേവാലയത്തിൽ നിന്നാണ്. ഇതു യേശുവിന്റെ പ്രതീകമാണ്. നാമും വിളിക്കപ്പെട്ടിരിക്കുന്നത് അനീതിയാൽ കലുഷിതമായ സമൂഹത്തെ ശുദ്ധീകരിക്കുന്ന ഉറവകളാകാനാണ്. ഇതിനു യേശുവിനെപ്പോലെ ഇടുങ്ങിയ ചിന്തകളുടെ അതിർവരമ്പുകൾ തകർക്കുന്നവരായ് നാം മാറണം.

**2. "ഇപ്പോൾ ഇതു സമ്മതിക്കുക"**

വരാനിരിക്കുന്ന മിശിഹായുടെ സ്വീകരണത്തിനു യഹൂദരെ ഒരുക്കാനായിരുന്നു സ്നാപക യോഹന്നാന്റെ മാനസാന്തരത്തിന്റെ ജ്ഞാനസ്നാനം (3:11). എന്നാൽ, ദൈവപുത്രൻ നൽകുന്ന ജ്ഞാന സ്നാനം പ. ആത്മാവിനാലും അഗ്നിയാലുമുള്ളതാണ്. ഇതറിയാമായിരുന്ന യോഹന്നാൻ യേശുവിനെ തടയുന്നു. വഴിയൊരുക്കാൻ വന്നവൻ സാക്ഷാൽ വഴിയും സത്യവും ജീവനുമായവനു മാമോദീസാ നൽകുക ബുദ്ധിക്കു നിരക്കാത്തതാണ്. ഈ സംശയമാണു സ്നാപകൻ യേശുവിന്റെ മുമ്പിലും വെയ്ക്കുന്നത്: "ഞാൻ നിന്നിൽനിന്നും സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ നീ എന്റെ അടുത്തു നിന്നും സ്നാനം സ്വീകരിക്കുന്നുവോ?" എന്നാൽ, ദൈവത്തിന്റെ ഹിതം (നീതി) യേശു ഒരു സാധാരണ യഹൂദനെപ്പോലെ ഇതു സ്വീകരിക്കണമെന്നതായിരുന്നു. സ്വന്തം താത്പര്യങ്ങളെക്കാൾ ദൈവഹിതത്തിനു സമ്മതം മൂളാൻ യേശു നമ്മെ വെല്ലുവിളിക്കുന്നു. ദൈവം ആവശ്യപ്പെടുന്നു; മനുഷ്യൻ സമ്മതിക്കുന്നു; അവിടെ സ്വർഗ്ഗം തുറക്കപ്പെടുന്നു. വൈരുദ്ധ്യങ്ങളുടെ നടുവിൽ ദൈവത്തിന്റെ വലിയ പദ്ധതി കാണാൻ കഴിയുന്നിടത്താണു നാമും യേശുവിനെപ്പോലെ ദൈവത്തിന്റെ പ്രിയപുത്രരായിത്തീരുന്നത്.

**3. "സർവ്വ നീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്"**

നീതിയും നിയമങ്ങളും ഇല്ലാതാക്കാനല്ല ദൈവം മനുഷ്യനായി അവതരിച്ചത്. പിന്നെയോ സ്നേഹത്തിലൂടെ അവ പൂർത്തീകരിക്കാനാണ്. അതുകൊണ്ട് ദൈവഹിതം നിറവേറ്റുന്നതിനും ദൈവരാജ്യം സംസ്ഥാപിക്കുന്നതിനും എല്ലാ മനുഷ്യരും പ്രത്യേകിച്ച് മാമോദീസാ സ്വീകരിച്ച എല്ലാവരും വിളിക്കപ്പെട്ടിരിക്കയാണ്.

# 2014 ജനുവരി 12

# ദനഹായക്കുശേഷം ഒന്നാം ഞായർ

യോഹ. 1:35-42; പുറ. 3:1-15; ജ്ഞാനം 7:1-12; ഏശ. 1:4-20; 1 പത്രോ. 3:8-17; ഫിലി. 1:15-20; യോഹ. 1:43-51.

**ബ്രദർ വിജോയി വർഗീസ് ഒ. ഐ. സി.**

**സന്ദർഭം**

യോഹന്നാന്റെ സുവിശേഷം അറിയപ്പെടുന്നത് അടയാളങ്ങളുടെ പുസ്തകം എന്നാണ്. അടയാളങ്ങൾ എന്നു വിളിക്കപ്പെടുന്ന അത്ഭുതങ്ങൾ ആരംഭിക്കുന്നത് 2:1-11-ലാണ്. അതിനു മുമ്പുള്ള ഭാഗം യേശുവിനെക്കുറിച്ചു യോഹന്നാൻ മൂന്നു ദിവസം നല്കുന്ന സാക്ഷ്യമാണ് (1:19-40). യേശു തന്റെ ശിഷ്യഗണത്തെ രൂപപ്പെടുത്തുന്നതാണ് തുടർന്നു വിവരിച്ചിരിക്കുന്നത് (1:35-41).

**പ്രമേയം**

ശിമയോനെയും അന്ത്രയോസിനെയും യേശുവിളിച്ചതിനുശേഷം, പീലിപ്പോസിനെ വിളിക്കുന്നതും, പീലിപ്പോസു മുഖാന്തിരം നഥാനിയേൽ യേശുവിന്റെ പക്കലേക്കു കടന്നുവരുന്നതും ആണ് സുവിശേഷഭാഗം. ക്രിസ്തു ശിഷ്യത്വമാണ് ഇവിടുത്തെ പ്രമേയം.

**പശ്ചാത്തലം**

യേശു പീലിപ്പോസിനെ കണ്ടപ്പോൾ അവനോടു പറഞ്ഞു "എന്നെ അനുഗമിക്കുക" (1:44). യേശു വിളിക്കുന്ന മൂന്നാമത്തെ വ്യക്തിയാണു പീലിപ്പോസ്. ക്രിസ്തു ആദ്യം വിളിച്ച പത്രോസിന്റേയും അന്ത്രയോസിന്റേയും നാട്ടുകാരനാണു പീലിപ്പോസും. ക്രിസ്തുവിന്റെ വിളിയിലുള്ള പ്രത്യേകതകളാണ് ഇവിടെ ദർശിക്കാനാവുക. ഒരു യഥാർത്ഥ ഇസ്രായേൽക്കാരനായ നഥാനിയേൽ മിശിഹായുടെ വരവിനുവേണ്ടി

ധ്യാനിച്ചും പ്രാർത്ഥിച്ചും കാത്തിരുന്ന ആളായിരിക്കണം. ഒരു പക്ഷേ അതായിരിക്കും, “ഞാൻ നിന്നെ അത്തിമരത്തിന്റെ ചുവട്ടിൽ വച്ചു കണ്ടു” എന്നൊക്കെ ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത്. പീലിപ്പോസ് നഥാനിയേലിനോട് താൻ മിശിഹായെ കണ്ടു എന്നു പറയുമ്പോൾ നഥാനിയേലിന്റെ അവിശ്വാസം മൂലം വന്നു കാണുവാനുള്ള ആഹ്വാനമാണ് പീലിപ്പോസ് നൽകുന്നത്.

**സന്ദേശം**

**1) നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ. 15:16)** യേശുവാണ് പീലിപ്പോസിനെ തിരഞ്ഞെടുക്കുന്നത്, പീലിപ്പോസ് യേശുവിനെയല്ല. ഇതാണ് ക്രൈസ്തവ വിളിയുടെ കാതൽ. ഞാനും നിങ്ങളുമല്ല, ക്രിസ്തുവിനെ തിരഞ്ഞെടുക്കുന്നത്, മറിച്ച് ക്രിസ്തു നമ്മെ തിരഞ്ഞെടുക്കുകയാണു ചെയ്യുന്നത്. നഥാനിയേലിനോടും യേശു പറയുന്നത് അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്നാണ്. യേശു നമ്മെ കണ്ടെത്തുന്നു. സുവിശേഷത്തിലെ നല്ല ഇടയന്റെ കഥ ഇതിനു വേറൊരുദാഹരണമാണ് (യോഹ. 10:14-16). നഷ്ടപ്പെട്ടതിനെ തേടി കണ്ടെത്തുന്ന ക്രിസ്തു. “അവൻ സ്വജനത്തിന്റെ അടുത്തേക്കു വന്നു” (1:11). വി. ബൈബിളിൽ ഉടനീളം നമുക്കു കാണുവാൻ സാധിക്കുന്നത് ഈ നല്ല ഇടയനെയാണ്. ഈ കണ്ടെത്തൽ സൃഷ്ടിയുടെ ആരംഭം മുതൽക്കേ കാണാവുന്നതാണ്. ആദത്തോടു ദൈവം ചോദിക്കുന്നു “നീ എവിടെയാണ്?” (ഉല്പ. 3:9). വി. പൗലോസ് ശ്ലീഹയും ഇതു തന്നെ പറയുന്നു: “ലോകസ്ഥാപനത്തിനു മുമ്പു തന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു” (എഫേ. 1:4).

**2) സുവിശേഷമായി മാറുവാനുള്ള വിളിയാണ് ക്രിസ്തീയ ജീവിതം.** യേശു പീലിപ്പോസിനെ വിളിക്കുമ്പോൾ അവൻ ആദ്യം പോയി തന്റെ സഹോദരൻ നഥാനിയേലിനോട് ‘മോശയുടെ നിയമത്തിലും പ്രവാചക ഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവനെ കണ്ടു’ എന്നു

പറയുന്നു (1:45). ക്രിസ്തീയ വിളിയുടെ ദൗത്യം ഇവിടെ വ്യക്തമാക്കുന്നു. ക്രിസ്തുശിഷ്യൻ ആദ്യം ചെയ്യേണ്ടത് മറ്റുള്ളവരോട് ക്രിസ്തുവിനെ അറിയിക്കുക എന്നതാണ്. നമ്മുടെ ജീവിതം സുവിശേഷമായി മാറുവാനുള്ള വിളിയാണു ക്രിസ്തീയ ജീവിതം. ഇഹലോക ജീവിതത്തിന്റെ അവസാനം യേശുതന്നെ തന്റെ ശിഷ്യന്മാരോടു കല്പിക്കുന്നു. “ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ലോകത്തിന്റെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും” (നട. 1:8). ഈ സാക്ഷ്യം ആദ്യം നിറവേറ്റുന്നതു പീലിപ്പോസാണ്. നാമും ക്രിസ്തുവിനെ മറ്റുള്ളവർക്കു നല്കുവാനും, സാക്ഷികളായിത്തീരുവാനും വിളിക്കപ്പെട്ടവരാണ്.

**3) വന്നു കാണുക.** പീലിപ്പോസ് നഥാനിയേലിനോട് മിശിഹായെ കണ്ടു എന്നു പറയുമ്പോൾ  നഥാനിയേൽ വിശ്വസിക്കുന്നില്ല. പീലിപ്പോസ് അവനോടു പറയുന്നു: “വന്നു കാണുക” (1:46). ശിഷ്യത്വം ആവശ്യപ്പെടുന്നതു സ്വീകരിക്കപ്പെടാതെ വരുമ്പോൾ ആത്മധൈര്യം നഷ്ടപ്പെടാതെയുള്ള മുന്നേറ്റമാണ്. നഥാനിയേൽ സുവിശേഷം സ്വീകരിക്കാതിരിക്കുമ്പോൾ വന്നു കാണുവാൻ ക്ഷണിക്കുന്നു. നഥാനിയേൽ വിശ്വസിക്കാത്തതു നസ്രത്തിൽ നിന്നു രക്ഷകൻ വരുന്നു എന്നു പറഞ്ഞതുകൊണ്ടാണ്. യഹൂദരുടെ പ്രതീക്ഷ, രക്ഷകൻ ദാവീദിന്റെ പരമ്പരയിൽ പെട്ടവനാണെന്നും അവൻ ദാവീദിന്റെ പട്ടണമായ ബെത്ലഹേമിൽ നിന്നാണ് വരുന്നത് എന്നുമായിരുന്നു (യോഹ. 7:41-52). ഈ പ്രവചനങ്ങളിൽ വിശ്വസിച്ചതുകൊണ്ടാണ് യേശു നഥാനിയേലിനെ നിഷ്കപടനായ ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ എന്നു വിളിക്കുന്നത്. ക്രിസ്തുവിനെ വന്നു കാണുമ്പോൾ നഥാനിയേലിന്റെ ഹൃദയത്തിൽ മാറ്റം സംഭവിക്കുന്നു. ക്രിസ്തുവിനെ നാം നൽകുമ്പോൾ, സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ അവരെ വന്നു കാണുവാൻ ക്ഷണിക്കണം. നമ്മുടെ ജീവിതത്തിലൂടെയാണ് മറ്റുള്ളവർ ക്രിസ്തുവിനെ കാണേണ്ടതും, അതുവഴി ഹൃദയ പരിവർത്തനം ഉണ്ടാകേണ്ടതും.

**ഉപസംഹാരം**

യേശു പീലിപ്പോസിനെയും നഥാനിയേലിനേയും വിളിക്കുന്നതിലൂടെ ക്രിസ്തു ശിഷ്യത്വം എപ്രകാരമായിരിക്കണം എന്നു വ്യക്തമാക്കിത്തരുന്നു. നാം ക്രിസ്തുവിനെയല്ല തിരഞ്ഞെടുക്കുന്നത്, മറിച്ച് ക്രിസ്തു നമ്മെ തിരഞ്ഞെടുക്കുകയാണു ചെയ്യുന്നത്. യേശു നമ്മെ വിളിച്ചതു സുവിശേഷമായി തീരുവാനാണ്. ലോകത്തിന്റെ അതിർത്തികൾവരെയും സാക്ഷികളായി തീരുവാൻ. നാം തിരസ്കരിക്കപ്പെടുമ്പോൾ ക്രിസ്തുവിൽ അറിയപ്പെടുവാനും നമ്മുടെ ജീവിതത്തിലൂടെ ക്രിസ്തുവിനെ മറ്റുള്ളവർക്കു കാണിച്ചു കൊടുക്കുവാനും സാധിക്കണം.

# 2014 ജനുവരി 19

# ദനഹായ്ക്കുശേഷം രണ്ടാം ഞായർ

ലൂക്കാ. 4:14–15; ജോഷ്വാ 4:1–14; സുഭാ. 10:1–12;
ഏശ. 61:1–4; 1 പത്രോ. 1:13–25; റോമ. 3:1–8; ലൂക്കാ. 4:16–22

**ബ്രദർ തോമസ് ഫ്രാൻസിസ് ഒ. ഐ. സി.**

**പശ്ചാത്തലം**

യേശു വിജാതീയ പട്ടണമായ ഗലീലിയിൽ ഒരു വലിയ ഗുരുവായിത്തീരുന്നു. അവർക്കിടയിൽ ജ്ഞാനത്തിന്റെ പ്രതിരൂപമായി, പഠിപ്പിക്കലികളിൽ തികവുള്ളവനായി യേശു തന്റെ ദൗത്യം ആരംഭിക്കുന്നു. സകല ജനതകളോടും സുവിശേഷം അറിയിക്കാൻ ശിഷ്യരെ ഉദ്ബോധിപ്പിച്ച് ശക്തരാക്കുകയാണ് യേശു.

**പ്രമേയം**

യേശു മിശിഹാ തന്റെ പരസ്യജീവിതത്തിന്റെ തുടക്കത്തിൽ താൻ വളർന്നു വലുതായ ഗലീലിയിലെ നസ്രത്തിലെത്തുന്നതും, അവിടെ ഒരു സിനഗോഗിൽ പ്രവേശിച്ച് ഏശയ്യാ പ്രവാചകന്റെ പുസ്തകം വായിച്ചു തന്റെ പിതാവ് തന്നിൽ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം പ്രഖ്യാപിക്കുന്നതും അതുവഴി അവിടെ കൂടിയിരുന്നവരെല്ലാം വിസ്മയഭരിതരാകുന്നതുമാണ് ഈ സുവിശേഷഭാഗത്തിന്റെ പ്രമേയം.

**വിചിന്തനം**

1. ഏശയ്യായുടെ പുസ്തകത്തിൽ നിന്നും ഉദ്ധരിച്ച വചനത്തിലൂടെ സുവിശേഷകൻ ഊന്നൽ നൽകുന്നതു കുറവുകളുള്ള മനുഷ്യരെ ബലപ്പെടുത്തി പുതിയൊരു ദൈവരാജ്യം സ്ഥാപിക്കുന്നതിനാണ്.

● യേശുവിന്റെ ഈ ലോകത്തിലേക്കുള്ള ആഗമനം തന്നെ ദൈവരാജ്യം സ്ഥാപിക്കുവാനാണല്ലോ.

2. വി. ലൂക്കോസിന്റെ സുവിശേഷം അറിയപ്പെടുന്നതു തന്നെ ദരിദ്രരുടെ സുവിശേഷം എന്നാണ്. അതിനു പിൻബലവും ആധികാരിക തയും നൽകുന്നതോ യേശുവിന്റെ ദാരിദ്ര്യാരൂപിയിൽ നിറഞ്ഞ ജീവിതവും.

●കടമെടുത്ത കാലിത്തൊഴുത്ത് മുതൽ കടം വാങ്ങിയ കല്ലറ വരെയുള്ള ജീവിതത്തിൽ അവൻ പാവപ്പെട്ടവരിൽ പാവപ്പെട്ടവനായി.

●എല്ലാം ഉള്ളവൻ ഒന്നുമില്ലാത്തവരുടെ പക്ഷം ചേരുന്നു.

3. യേശു തമ്പുരാൻ വിഭാവനം ചെയ്യുന്ന ദൈവരാജ്യം എല്ലാ കുറവുകളും പരിഹരിക്കപ്പെട്ട ദൈവജനത്തിന്റെ കൂട്ടായ്മയാണ്.

●യേശുവിന്റെ മനുഷ്യാവതാര ലക്ഷ്യം തന്നെ എല്ലാ കുറവുകളും നികത്തപ്പെട്ട എല്ലാ മുറിവുകളും സുഖമാക്കപ്പെട്ട ഒരു ജനത രൂപം കൊള്ളുന്നതിനാണ്. എന്നാൽ ഇന്ന് ഉള്ളവനിൽ നിന്ന് ഇല്ലാത്തവനി ലേക്കുള്ള ദൂരം ദിനംപ്രതി വർദ്ധിച്ചു വരികയാണ്.

●കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട് മുന്നേറുന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ ചുവടുവെയ്പ്പുകൾ പ്രതീക്ഷകൾ ഉണർത്തുന്നതാണ്.

●ധനത്തിന്റെ കുറവിനെക്കാൾ സുവിശേഷത്തിന്റെ കുറവിനെ യാണ് ദാരിദ്ര്യത്തിന്റെ കാരണമായി സുവിശേഷകൻ ചൂണ്ടി കാണി ക്കുന്നത്.

●നന്മയും തിന്മയും തിരിച്ചറിയുന്നതിനുതകുന്ന വിധം കാഴ്ച തെളിയുന്ന ഒരു കാലത്തെയാണ് യേശു ദൈവരാജ്യമെന്ന് വിളിക്കുന്നത് (ലൂക്കാ. 4:18).

4. കുരിശിലെ മുറിവുകൾ ഏറ്റെടുത്തു ലോകത്തിന്റെ മുറിവുകൾ ഉണക്കുന്ന ഏക ചരിത്രപുരുഷൻ, പൂർണ്ണ ദൈവമായവൻ പൂർണ്ണ മനുഷ്യനായി മാറുന്നു.

●ഇന്ന് ഈ ദൗത്യം ഏറ്റെടുക്കേണ്ടത് ഓരോ ക്രിസ്ത്യാനിയുമാണ്.

**ഉപസംഹാരം**

നാം നമ്മുടെ വാക്കിനാലും പ്രവൃത്തിയാലും മനോഭാവത്താലും നിസംഗതയാലും നമ്മുടെ സഹോദരങ്ങളെ ബന്ധിച്ചും, അടിച്ചമർത്തിയും, ചൂഷണം ചെയ്തും നമ്മിലെ സ്വാർത്ഥതയെ ആഘോഷിക്കുമ്പോൾ നമുക്ക് നഷ്ടമാകുന്നത് സുവിശേഷവും, വചനവുമായ ദൈവത്തെയാണ്. ഈ നഷ്ടം നികത്താൻ നാം ചെയ്യേണ്ടത് അപരനിൽ നന്മ നിറച്ചു തിന്മയെ ഉച്ചാടനം ചെയ്യുകയാണ്. അങ്ങനെ ചെയ്താൽ നമ്മുടെ ഈ ലോകത്തിലെ അസ്തിത്വത്തിന് പൂർണ്ണത കൈവരുത്താൻ നമുക്ക് സാധിക്കും.

# 2014 ജനുവരി 26

# ദനഹായ്ക്കുശേഷം മൂന്നാം ഞായർ

യോഹ. 3:16-21; ഉൽപ. 7:6-16; ജെറ. 31:1-9; ഏശ. 43:1-7;
1 പത്രോ. 2:4-10; 1 കോറി. 3:18-23; യോഹ. 3:1-15

**ബ്രദർ പ്രിൻസ് അലക്സ് ഒ. ഐ. സി.**

**പശ്ചാത്തലം**

യേശുവിന്റെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന വാക്കുകളും സംഭവങ്ങളുമാണ് യോഹന്നാൻ സുവിശേഷത്തിന്റെ ഉള്ളടക്കം. അവിടുത്തെ വാക്കുകളുടെയും പ്രവൃത്തികളുടേയും ബാഹ്യമായ വിശദാംശങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ അവയുടെ ആന്തരികാർത്ഥങ്ങളിലേക്കു കടന്നു ചെല്ലുന്നതിനു സുവിശേഷകൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അതിലൂടെ യേശുവിന്റെ വ്യക്തിത്വത്തെ വളരെ വ്യക്തമായി വരച്ചു കാട്ടുന്നു. ഈ ഉദ്ദേശം തന്റെ സുവിശേഷത്തിൽത്തന്നെ യോഹന്നാൻ വിശദമാക്കുന്നുണ്ട്. ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ് (യോഹ. 20:30-31). ഓരോരുത്തരുടേയും ഉള്ളിലുള്ളതു വ്യക്തമായി അറിയുന്ന യേശു (2:25) അവരുടെ അറിവിന്റെ ഭദ്രത തകർക്കുന്നു. യേശു ആരെന്ന് എനിക്കറിയാം (3:2) എന്ന ബോധ്യത്തിൽ തന്നെ സമീപിക്കുന്ന നിക്കൊദേമോസിനെ പുതിയ ഉൾക്കാഴ്ചകളിലേക്കു നയിക്കുന്നതാണ് നാം ഇവിടെ കാണുന്നത്.

**പ്രമേയം**

യേശുവിനെ സ്വീകരിക്കുന്ന ഓരോരുത്തരും വീണ്ടും ജനിക്കുകയാണ്. പൗരസ്ത്യ ദേശത്തുനിന്നും വന്ന ജ്ഞാനികൾക്കു സംഭവിച്ചതു പോലെ തന്നെ (മത്താ. 1:12) നിക്കൊദേമോസിന്റെ ജീവിതത്തിലും ഒരു അന്തരം സംഭവിക്കുന്നു. ഇരുട്ടിന്റെ മറവിൽ ഗുരുവിനെ അന്വേഷിച്ചെത്തുന്നവൻ ഉള്ളിൽ നിറഞ്ഞ പ്രകാശവുമായാണ് തിരികെ പോകുന്നത്. ഇതാണ് പുനർജന്മം-ജലത്താലും ആത്മാവിനാലും ഉള്ള ജനനം (3:5).

**സന്ദേശം**

**1. ഉള്ളിലെ വെളിച്ചം നഷ്ടപ്പെടാതിരിക്കട്ടെ**

"....അവൻ രാത്രി യേശുവിന്റെ അടുത്തു വന്നു പറഞ്ഞു..." (3:2). ഇരുളിന്റെ മറവിലാണ് നിക്കൊദേമോസ് യേശുവിന്റെ അടുക്കൽ വരുന്നത്. ഇവിടുത്തെ ഇരുൾ അന്തരീക്ഷത്തിന്റേതെന്നതിനേക്കാൾ മനസ്സിന്റേതാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ തന്നെ പതിമൂന്നാം അദ്ധ്യായം മുപ്പതാം വാക്യത്തിൽ നാം കാണുന്നുണ്ട് പന്ത്രണ്ടു പേരിൽ ഒരുവനായ യൂദാസ് യേശുവിനെ ഒറ്റി കൊടുക്കുവാനായി ഇരുളിലേക്കു ഇറങ്ങി പോകുന്നത്. ഇതുപോലെ ഉള്ളിൽ ഇരുളുമായാണ് നിക്കൊദേമോസ് കടന്നു വരുന്നത്. ഈ ഇരുൾ അകറ്റുന്നതിന് ഒരു പുനർ ജനനം ആവശ്യമാണ്. അതാണ് യേശു പറയുന്ന ജലത്താലും ആത്മാവിനാലുമുള്ള വീണ്ടും ജനനം. "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു. വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല" (3:3).

ഈ വീണ്ടും ജനനം നിക്കൊദേമോസിന്റെ ജീവിതത്തിൽ സംഭവിക്കുന്നുണ്ട്. പിന്നീടുള്ള അവന്റെ ജീവിതത്തിൽ നിന്ന് ഇതു വളരെ വ്യക്തമാണ്. ഇരുളിൽ നിന്നു പ്രകാശത്തിലേക്കു നയിക്കപ്പെടണം എന്ന ആഗ്രഹം ഏതൊരു വ്യക്തിയും നെഞ്ചിൽ പേറുന്നതാണ്. അതിനാൽ തലമുറകൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്ന ആർഷഭാരതത്തിന്റെ പ്രാർത്ഥനയായിരിക്കട്ടെ നമ്മുടെയും മന്ത്രണം, 'തമസോമാ ജ്യോതിർ ഗമയാ'-അന്ധകാരത്തിൽനിന്ന് വെളിച്ചത്തി ലേക്കു നയിച്ചാലും.

**2. പ്രകാശം പരത്തുന്നവരാകുക**

രാത്രിയിൽ തന്റെ പക്കലേക്കു കടന്നു വന്നവനെ സ്വീകരിച്ചിരുത്തിയ ക്രിസ്തു പിന്നെ അവനോടു പറയുന്നത് വെളിച്ചത്തെക്കുറിച്ചാണ്. വെളിച്ചത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചാണ് 19 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ സൂചിപ്പിക്കുക. ".....ഇതാണു ശിക്ഷാവിധി, പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. നന്മ ചെയ്യുവാനും തിന്മയിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുവാനും അതുവഴി വെളിച്ചത്തിന്റെ വക്താവാകുവാനുമുള്ള ആഹ്വാനമാണ് ക്രിസ്തു നൽകുക." വെളിച്ചത്തിലേക്കു വളരുക എന്ന

ഉപദേശം സ്വീകരിച്ച നിക്കോദിമോസിനെ പിന്നീടു നാം കാണുക ഏഴാം അദ്ധ്യായം അമ്പതാം വാക്യത്തിലാണ്. യേശുവിനെ ബന്ധിക്കാൻ ഫരിസേയർ ശ്രമിക്കുമ്പോൾ നിക്കോദിമോസ് അവിടെ ഇടപെടുന്നു. ഒരുവന് പറയുവാനുള്ളത് ആദ്യം കേൾക്കാതെയും അവൻ എന്താണു ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ എന്ന ചോദ്യവുമായി. യേശുവിനുവേണ്ടി പരസ്യമായി സംസാരിക്കുവാൻ അയാൾ തയ്യാറാവുകയാണ്. അയാൾ വെളിച്ചത്തിന്റെ മനുഷ്യനാകുവാനുള്ള ശ്രമം തുടങ്ങി കഴിഞ്ഞിരിക്കുന്നു വെന്ന് നമുക്കു മനസ്സിലാകുന്നു.

പിന്നീടു നിക്കൊദേമോസിനെ നാം കാണുക യേശുവിന്റെ മൃതദേഹം സംസ്കരിക്കുന്ന വേളയിലാണ്. എല്ലാവരും ഭയന്നുവിറച്ച് ഒളിച്ചിരിക്കുമ്പോൾ അരിമത്തിയാക്കാരൻ ജോസഫിനൊപ്പം യേശു വിന്റെ മൃതദേഹം സംസ്കരിക്കുവാൻ നിക്കോദേമോസും എത്തുന്നു (യോഹ. 19:39). ഇവിടെ അയാളുടെ ജീവിതം പ്രകാശപൂരിത മാണെന്നു നാം മനസ്സിലാക്കുന്നു. ആദ്യം ഭയന്നെത്തിയവൻ ഇപ്പോൾ പരസ്യമായി എത്തിയിരിക്കുന്നു. അന്ധകാരത്തിലായിരുന്ന അയാൾ പരിപൂർണ്ണമായി വെളിച്ചത്തിന്റെ വ്യക്തിയായി മാറുന്നു. രാവിൽ ഭയന്നെത്തിയവൻ രാവിൽത്തന്നെ ധൈര്യപൂർവ്വം എത്തുന്നു. ഇരുട്ടിൽ നിന്ന് വെളിച്ചത്തി ലേക്കുള്ള അയാളുടെ യാത്ര പൂർണ്ണമാവുകയാണ് ഇവിടെ.

**ഉപസംഹാരം**

ഏതു മനുഷ്യനും യാത്ര ചെയ്യേണ്ട ദൂരമാണ് നിക്കോദേമോ സിന്റെ ജീവിതം. മാമോദീസായിലൂടെ ജലത്താലും ആത്മാവിനാലും സ്നാനപ്പെട്ടവരാണ് നാം. ആ സ്നാനം നമ്മുടെ ജീവിതത്തിൽ യാഥാർ ത്ഥ്യവത്കരിക്കപ്പെടുന്നുണ്ടോ എന്നു നമുക്കു ചിന്തിക്കാം. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് (മത്താ. 5:14) എന്ന ക്രിസ്തുമൊഴി അനു സ്മരിച്ചുകൊണ്ട് നമ്മുടെ ഉള്ളിലെ വെളിച്ചം നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കുന്നതിനും അപരനു വെളിച്ചമേകുവാനും നമുക്കു പരിശ്രമി ക്കാം.